അസ്ഹർ പുള്ളിയിൽ

ഗോത്രവർഗ പ്രധാനമാണ് യമനിലെ അടിയൊഴുക്കെങ്കിൽ, വിഭാഗീയ ചിന്താഗതിയാണ് സിറിയയിലെ ആഭ്യന്തര കെട്ടുറപ്പിന് തുരങ്കം വെക്കുന്നത്. ഹിസ്ബുല്ലയുടെയും കുർദുകളുടെയും സ്വാധീനം ഈ താൽപര്യങ്ങൾക്ക് വേഗം കൂട്ടും. ഭരണത്തിൽ പതിറ്റാണ്ടുകളായി വിഭാഗീയത നിലനിൽക്കുന്ന ലബനാൻ അയൽപക്കത്തു തന്നെയുള്ളപ്പോൾ അതിന്റെ വേരുകൾ വിപ്ലവാനന്തര സിറിയയിലേക്ക് നീളാൻ സാധ്യതകളേറെയാണ്.

# അറബ് വിപ്ലവത്തിന്റെ വിളവെടുക്കുന്നതാര്?

**രക്തം** നൽകിയും ആത്മാർപ്പണം നടത്തിയും തങ്ങളുടെ രാജ്യത്ത് ജനാധിപത്യം സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിലൂടെ തെരുവിലിറങ്ങിയ അറബ് വിപ്ലവകാരികൾ കൂടുതൽ കടുത്ത പ്രതിസന്ധിയെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഭരണാധികാരികളുടെ അടിച്ചമർത്തൽ ശക്തി കൂടുന്നതിനനുസരിച്ച് വിപ്ലവവീര്യവും വർധിക്കുന്നതാണ് രണഭൂമിയിൽ നിന്ന് ലഭിക്കുന്ന ചിത്രം.

തുനീഷ്യയിൽ നിന്ന് ആഞ്ഞടിച്ച് ഈജിപ്തിൽ മാറ്റത്തിന് തിരികൊളുത്തി, യമൻ, സിറിയ, ലിബിയ എന്നീ രാജ്യങ്ങളിലൂടെ മാറ്റത്തിന്റെ തീക്കാറ്റ് വീശിയടിക്കുമ്പോൾ സ്ഥാനമൊഴിയുന്നതിന് പകരം മുല്ലപ്പൂ വിപ്ലവത്തെ നിണമണിയിക്കാനാണ് ഭരണാധികാരികൾ ഒരുമ്പെട്ടിരിക്കുന്നത്. മാസങ്ങളോളം നീണ്ട ജനകീയ വിപ്ലവത്തെ രക്തത്തിൽ മുക്കിക്കൊല്ലാനാണ് അലി അബ്ദുല്ല സാലിഹിന്റെയും ബശ്ശാറുൽ അസദിന്റെയും മുഅമ്മറുൽ ഖദ്ദാഫിയുടെയും ചോറ്റുപട്ടാളം മൃഗീയ പീഡനത്തിലൂടെ ശ്രമിക്കുന്നത്. 13കാരനായ ഹംസ അൽഖതീബും സഹപാഠികളും വരെ ഇതിന്റെ ഇരകളാണ്. വിപ്ലവകാരികളോട് ചേർന്ന പട്ടാളക്കാരുടെ അനുഭവ വിവരണങ്ങളാണ് ഈ പീഡനത്തിന്റെ പ്രഥമ സാക്ഷ്യം.

അതിനിടെയാണ് ജനകീയ വിപ്ലവത്തിന്റെ നേട്ടം കൈക്കലാക്കാനും തങ്ങളുടെ ഇംഗിതത്തിനനുസരിച്ചുള്ള പാവ സർക്കാറുകളെ വിപ്ലവാനന്തരം ഈ തന്ത്രപ്രധാന രാജ്യങ്ങളിൽ സ്ഥാപിക്കാനും വൻ ശക്തികൾ കരുനീക്കം നടത്തുന്നത്. നിലവിലുള്ള ഏകാധിപതികളായ കുടുംബവാഴ്ച്ചക്കാരെ താഴെയിറക്കുക എന്ന വിപ്ലവകാരികളുടെ പ്രഥമ ലക്ഷ്യം നിറവേറുമ്പോൾ ശക്തമായ ബദൽ ഭരണസംവിധാനം മുന്നോട്ടുവെക്കുന്നതിൽ വിപ്ലവ നേതാക്കൾ പരാജയപ്പെടുന്നു എന്നിടത്താണ് വിദേശ അധിനിവേശ ശക്തികളുടെ ചരടുവലികൾ വിജയം നേടുന്നത്. പതിറ്റാണ്ടുകളായി ഏകാധിപത്യത്തിൽ കഴിഞ്ഞ രാജ്യങ്ങളിൽ മുമ്പ് നാമമാത്രമായി നടന്ന തെരഞ്ഞെടുപ്പുകൾ പോലും


ഹംസ അൽ ഖത്തീബിന്റെ ചിത്രം ഉയർത്തിപ്പിടിച്ച് സിറിയയിൽ നടന്ന പ്രകടനം



■ സിറിയൻ അഭയാർഥികൾക്ക് തുർക്കി നിർമിച്ച ടെന്റുകൾ

പ്രഹസനസ്വഭാവത്തിലായിരുന്നു എന്നതിനാൽ ജനാധിപത്യ രീതിയിലുള്ള സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ പോലും പരിചയമുള്ളവരല്ല അറബ്‌ലോകത്തെ നവവിപ്ലവകാരികൾ. പ്രസിഡന്റിനെ താഴെയിറക്കുക എന്ന ലക്ഷ്യത്തിൽ ഒന്നിക്കുന്ന വിപ്ലവകാരികളാവട്ടെ, ഭാവിപരിപാടികളിൽ ഏകീകരിച്ച കാഴ്ച്ചപ്പാടുള്ളവരല്ല എന്നതും പ്രയാസം സൃഷ്ടിക്കുന്നു. താൽപര്യങ്ങളുടെ കൂട്ടിമുട്ടൽ വിപ്ലവഭൂമിയിൽ പൊങ്ങിവരുന്നത് ഈ ഗതിനിർണയത്തിന്റെ ഘട്ടത്തിലാണ്. ഗോത്രവർഗ പ്രധാനമാണ് യമനിലെ അടിയൊഴുക്കെങ്കിൽ, വിഭാഗീയ ചിന്താഗതിയാണ് സിറിയയിലെ ആഭ്യന്തര കെട്ടുറപ്പിന് തുരങ്കംവെക്കുന്നത്. ഹിസ്ബുല്ലയുടെയും കുർദുകളുടെയും സ്വാധീനം ഈ താൽപര്യങ്ങൾക്ക് വേഗം കൂട്ടും. ഭരണത്തിൽ പതിറ്റാണ്ടുകളായി വിഭാഗീയത നിലനിൽക്കുന്ന ലബനാൻ അയൽപക്കത്തു തന്നെയുള്ളപ്പോൾ അതിന്റെ വേരുകൾ വിപ്ലവാനന്തര സിറിയയിലേക്ക് നീളാൻ സാധ്യതകളേറെയാണ്. ഈ ചരടുവലിക്കാവട്ടെ ഇറാന്റെ ഉദാരമായ പിന്തുണ ലഭിക്കുക കൂടി ചെയ്യും. ഖുമൈനിയുടെ ചരമ ദിനത്തിൽ അറബ് വിപ്ലവത്തെ ഒന്നാകെ അനുമോദിച്ചപ്പോൾ, സിറിയൻ വിപ്ലവത്തെ മാറ്റിനിർത്തിയ ഇറാൻ നേതൃത്വത്തിന്റെ പ്രസ്താവന ഈ ചായ്‌വിന്റെ മറനീക്കി പുറത്തുവരലാണ്.

ഭൂമിശാസ്ത്രപരമായും സാമ്പത്തികമായും അധിനിവേശ ശക്തികൾക്ക് ഏറെ പ്രാധാന്യമർഹിക്കുന്ന മേഖലയാണ് മധ്യപൗരസ്ത്യ ദേശം. മൂന്ന് വൻകരകളെയും കടൽവഴി ബന്ധിപ്പിക്കുന്ന രാജ്യങ്ങളിലാണ് ഇപ്പോൾ മാറ്റത്തിന്റെ കാറ്റ് വീശിക്കൊണ്ടിരിക്കുന്നത്. ഗൾഫ്- ഇറാഖ് എണ്ണക്കടത്തിനും വിപണനത്തിനും യമനിന്റെ ഏദൻ തറമുഖം, സൂയസ് കടലിടുക്ക് പോലെ പ്രധാനമാണ് യൂറോപ്യൻ അമേരിക്കൻ രാജ്യങ്ങൾക്ക്. അലി അബ്ദുല്ല സ്വാലിഹുമായി സമാധാന കരാർ മുന്നോട്ടുവെക്കുന്നതിലും മാരകമായി പരിക്കും പൊള്ളലുമേറ്റ് ചികിത്സക്കായി പ്രസിഡന്റ് രാജ്യം വിട്ട ശേഷം സ്ഥാനമേറ്റ അബ്ദുർറബ്ബ് മൻസൂർ ഹാദിയുമായി കൂടിക്കാഴ്ച നടത്തുന്നതിലും ആദ്യമെത്തിയത് സൻആഇലെ അമേരിക്കൻ അംബാസഡറാണെന്നത് യാദൃഛികമല്ല.

സിറിയക്കെതിരെ ഐക്യരാഷ്ട്രസഭ രക്ഷാസമിതിയിൽ പ്രമേയം അവതരിപ്പിക്കുന്നതിലും ഈ ഒളിയജണ്ട വ്യക്തമാണ്. സിറിയൻ ജനതയുടെ അവകാശ സംരക്ഷണം എന്നതിലുപരി അധിനിവേശ താൽപര്യങ്ങളാണ് പ്രമേയത്തിന്റെയും ചാലകശക്തി. അമേരിക്കയും ഇതര വൻ രാജ്യങ്ങളും പ്രമേയവുമായി മുന്നേറുമ്പോൾ സിറിയയെ അപലപിക്കുന്ന ഏതു തീരുമാനത്തെയും വീറ്റോ ചെയ്യുമെന്ന നിലപാടിലാണ് റഷ്യ. ഹാഫിസുൽ അസദിന്റെ കാലം മുതൽ അറബ്‌ലോകത്ത് കമ്യൂണിസ്റ്റ് ആശയം പ്രചരിപ്പിച്ച സിറിയയുടെ നിലപാടുകളെ കണ്ണടച്ച് അനുകൂലിക്കുന്നതിൽ റഷ്യയോടൊപ്പമുള്ളത് ചൈനയാണ്. അതേസമയം നൂറുക്കണക്കിന് സിവിലിയന്മാർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടും, പതിനായിരത്തോളം സിറിയക്കാർ തുർക്കിയിൽ അഭയാർഥികളായി എത്തിയിട്ടും സാഹചര്യം കൂടുതൽ അനുകൂലമാവാനെന്ന ന്യായത്തിൽ അമേരിക്കയും സഖ്യ കക്ഷികളും പ്രമേയാവതരണം താമസിപ്പിക്കുകയാണ് ചെയ്തത്.

മേഖലയിലെ പ്രശ്നങ്ങളുടെ മാതാവ് എന്ന് വിശേഷിപ്പിക്കാവുന്ന അറബ്-ഇസ്രയേൽ പ്രശ്നത്തിൽ ജൂതരാഷ്ട്രത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുക എന്നതാണ് അമേരിക്ക ഇവിടെ ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നത്. വിപ്ലവത്തിന്റെ സദ്ഫലങ്ങൾ തങ്ങൾക്കനുകൂലമാക്കാനും അധിനിവേശ താൽപര്യങ്ങൾ സംരക്ഷിക്കുന്ന സർക്കാറുകളെ മർമ പ്രധാന രാജ്യങ്ങളിൽ സ്ഥാപിക്കാനും അമേരിക്ക ചരടുവലി നടത്തുമ്പോഴും, വിപ്ലവകാരികൾക്ക് ചിന്താപരമായ ദിശാബോധം നൽകുന്ന നേതൃത്വത്തിന്റെ അഭാവമാണ് വിപ്ലവാനന്തര ഭൂമിയിൽ ഏറെ പ്രയാസം സൃഷ്ടിക്കുന്നത്. ഈജിപ്തിലും തുനീഷ്യയിലും പ്രസിഡന്റ് തെരഞ്ഞെടുപ്പ് നീണ്ടുപോകുന്നത് ഈ രോഗത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങളാണ്. രാഷ്ട്രീയ രംഗത്തുള്ള അനിശ്ചിതത്വം ഈ രാജ്യങ്ങളുടെ സാമ്പത്തിക മേഖലയെയും കാര്യമായി ബാധിക്കുന്നുണ്ട്.

വിദേശ ശക്തികൾ തങ്ങളുടെ താൽപര്യസംരക്ഷണത്തിനായി മേഖലയിൽ ചുറ്റിക്കറങ്ങി നേതൃപരമായ പദവി നേടിയെടുക്കുമ്പോഴും അയൽ, അറബ് രാജ്യങ്ങൾ കുറ്റകരമായ മൗനം തുടരുന്നു എന്നതാണ് ഏറ്റവും അപകടകരമായ അവസ്ഥ. താരതമ്യേന മാനുഷികമായ നിലപാടെടുത്ത തുർക്കിപോലും തെരഞ്ഞെടുപ്പിന്റെ രണ്ട് ദിവസം മുമ്പാണ് സുഹൃദ് രാജ്യമായിരുന്ന സിറിയക്കെതിരെ തങ്ങളുടെ നിലപാട് വ്യക്തമാക്കിയതും അഭയാർഥികൾക്ക് തങ്ങളുടെ ഭൂമിയിൽ ആവാസമൊരുക്കിയതും. അഭയാർഥികൾ ഇന്ന് കഴിയുന്ന തുർക്കി ഭൂപ്രദേശം ആധുനിക അതിർരേഖകൾ രൂപപ്പെട്ട ലോകയുദ്ധങ്ങൾക്ക് മുമ്പ് വിശാല സിറിയയുടെ ഭാഗമായിരുന്നു എന്നതും താൽപര്യങ്ങളുടെ താഴ്‌വേരുകളാണ്. എന്നിട്ടും ബഹ്റൈനിലെ ഇറാൻ ഇടപെടലിനെക്കുറിച്ചല്ലാതെ അറബ് രാജ്യങ്ങൾ ഇതുവരെ പ്രതികരിച്ചിട്ടില്ല. സർവസമ്മതമായ നേതൃത്വത്തിന്റെയും ഭാവി നിർണയിക്കുന്ന നയനിലപാടുകളുടെയും അനാഥത്വം വിപ്ലവകാരികൾ അനുഭവിക്കുന്നതും നിർണായകമായ ഈ തലങ്ങളിലാണ്. ■

*azharpulliyil@gmail.com*